III. റിപ്പോർട്ട് സമർപ്പണം

(i) പബ്ലിക്ക് അണ്ടർടേക്കിംഗ്സ് കമ്മിറ്റിയുടെ 16-ാമത് റിപ്പോർട്ട്

Shri T. M. Jacob: Sir, I present the 16th Report of the Public Undertakings Committee.

(ii) ഹർജികളെ സംബന്ധിച്ച സമിതിയുടെ 3-ാമതു റിപ്പോർട്ട്.

Shri N. Bhaskaran Nair: Sir, I present the Third Report of the Committee on Petitions.

IV. പ്രസ്താവന

കശുവണ്ടിയുടെ സംഭരണ വിലയെക്കുറിച്ച് വനവും വ്യവസായവും വകുപ്പു മന്ത്രി ശ്രീ. പി. എസ്. ശ്രീനിവാസൻ ചെയ്ത പ്രസ്താവന

വനവും വ്യവസായവും വകുപ്പുമന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ): സർ, എനിക്ക് വളരെ പ്രധാനപ്പെട്ട ഒരു കാര്യം സഭയെ അറിയിക്കാനുണ്ട്. കശുവണ്ടിയുടെ കാര്യം ഇതിനകം പലതവണ ചർച്ചക്ക് വന്നതാണ്. ഈ സഭയിലെ അംഗങ്ങളെല്ലാം ആ കാര്യത്തിൽ ഉത്കണ്ഠ പ്രകടിപ്പിച്ചിട്ടുണ്ട്. കഴിഞ്ഞവർഷം കശുവണ്ടിയുടെ കാര്യത്തിൽ വലിയ ബുദ്ധിമുട്ടുള്ള വർഷമായിരുന്നു എന്ന് നേരത്തേ ഇവിടെ പറഞ്ഞു. രണ്ടുതവണ ഇൻഡ്യാ ഗവൺമെന്റിൽനിന്നും കയറ്റുമതി പ്രവർത്തനത്തിനും മറ്റ് പ്രവർത്തനങ്ങൾക്കുമായി മെരിറ്റ് സർട്ടിഫിക്കറ്റ് വാങ്ങിയ നമ്മുടെ കശുവണ്ടി വികസന കോർപ്പറേഷന് ഈ ഘട്ടത്തിൽ പ്രതികൂല സാഹചര്യങ്ങളാൽ തളർന്നു പോകേണ്ട സ്ഥിതിവിശേഷമുണ്ടായി. അതുപോലെതന്നെ വിദേശ വിപണിയിൽ വന്പിച്ചതോതിൽ കശുവണ്ടിപ്പരിപ്പിന് വിലയിടിവുണ്ടായി. അതിന്റെ ഫലമായി കഴിഞ്ഞ പ്രാവശ്യം വലിയ നഷ്ടമുണ്ടായി. അതിന് മറ്റ് പല കാരണങ്ങളുമുണ്ട്. അതിന്റെ വിശദാംശങ്ങളിലേക്ക് ഞാൻ ഇപ്പോഴേ കടക്കുന്നില്ല. ഈ പ്രാവശ്യം കശുവണ്ടിയുടെ വില നിശ്ചയിച്ചത് ഇൻറർ നാഷണൽ മാർക്കറ്റിലെ വിലയുമായി ഏറെക്കുറെ ബന്ധപ്പെടുത്തിയും സെൻട്രൽ ഗവൺമെൻറ് ഇക്കാര്യത്തിൽ എടുത്തിട്ടുള്ള നിലപാടും അവർ തന്ന നിർദ്ദേശങ്ങളുമെല്ലാം പരിഗണിച്ചുമാണ്. സി. സി. ഐ.-കശുവണ്ടി നമ്മുടെ കോർപ്പറേഷന് തരാൻ നിശ്ചയിച്ചിട്ടുള്ളത് ടണ്ണിന് 4,500 രൂപയ്ക്കും 4,450 രൂപയ്ക്കുമാണ്. അങ്ങനെ വരുമ്പോഴും അവർക്ക് ഏതാണ്ട് 500 രൂപ നഷ്ടം വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഈ വിലയുമായി പൊരുത്തപ്പെടുത്തി മാത്രമേ വില നിശ്ചയിക്കാവൂ എന്നാണ് സെൻട്രൽ ഗവൺമെൻറിന്റെ നിർദ്ദേശം. അതിന്റെ അടിസ്ഥാനത്തിലാണ് ചില സഹായങ്ങളും വായ്പകളും പോലും സെൻട്രൽ ഗവൺമെൻറ് നമുക്ക് നൽകാമെന്ന് സമ്മതിച്ചത്. സർ, ഈ വില നിശ്ചയിക്കുന്ന അവസരത്തിൽ വിദേശ വിപണിയിൽ ഒരു പൗണ്ട് കശുവണ്ടിയുടെ ഏറ്റവും കൂടിയ വില 165 സെൻറായിരുന്നു. അപ്പോഴാണ് കശുവണ്ടിയുടെ വില 3.80 മുതൽ 3.60 രൂപ വരെയായി കിലോയ്ക്ക് നിശ്ചയിച്ചത്. അത് സാമാന്യം നല്ല വിലയാണ്. അത് നല്ല വിലയാണെന്നാണ് പൊതുവായി കണക്കാക്കുന്നത്. എന്നാൽ 6 രൂപ 10 പൈസവരെ കിട്ടിയ കൃഷിക്കാർക്ക് വാസ്തവത്തിൽ ഒരു വലിയ വില

LIBRARY ARCHIVES Kerala Legislative Assembly